പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:823 28.09.2011- ലെ മറുപടി

## പൊന്നാന്നി - ബാംഗ്ലൂർ ബസ് സർവ്വീസ്

ചോദ്യം | ഉത്തരം

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | പൊന്നാനിയിൽ നിന്നും ബാംഗ്ലൂരിലേക്ക് ബസ് സർവ്വീസില്ലാത്തത് മൂലം വിദ്യാർത്ഥികളും, മറ്റു യാത്രക്കാരും ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) യും (ബി) യും | ഉണ്ട്. പൊന്നാനിയിൽ നിന്നും ബാംഗ്ലൂരിലേക്ക് പുതിയൊരു സർവ്വീസ് ആരംഭിക്കുന്നതിലേക്ക് കർണ്ണാടക സംസ്ഥാനവുമായുള്ള അന്തർ സംസ്ഥാന കരാറിൽ നിലവിൽ വ്യവസ്ഥയില്ല. ഗുരുവായൂർ നിന്നുമുള്ള ബാംഗ്ലൂർ സർവ്വീസ് പൊന്നാനി വഴി തിരിച്ച് വിടണമെങ്കിൽ ചാവക്കാട് നിന്നോ ഇടപ്പാൾ നിന്നോ ഡീവിയേറ്റ് ചെയ്ത് പോകേണ്ടിവരും. ചാവക്കാട് നിന്ന് തിരിഞ്ഞാൽ പ്രധാന സ്റ്റോപ്പായ കുന്നംകുളം നഷ്ടപ്പെടുമെന്നതിന് പുറമെ ചാവക്കാട് നിന്നും തിരിഞ്ഞ് പൊന്നാനിയിൽ പോയി ഇടപ്പാളിൽ കയറിയാൽ 15 കിലോമീറ്റർ അധികമായി ഓടേണ്ടിയും വരും. ഇത് യാത്രക്കാരുടെ താൽപര്യക്കുറവിനും വരുമാനം കുറയുന്നതിനും ഇടയാക്കും. ആയതിനാൽ ഗുരുവായൂർ നിന്നുമുള്ള ബാംഗ്ലൂർ സർവ്വീസ് പൊന്നാനി വഴി തിരിച്ച് വിടണമെന്ന ആവശ്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല. |
| (ബി) | എങ്കിൽ നിലവിൽ ഗുരുവായൂർ ഡിപ്പോയിൽ നിന്ന് കുന്നംകുളം വഴി സർവ്വീസ് നടത്തുന്ന ബാംഗ്ലൂർ ബസ്, പൊന്നാനി വഴി സർവ്വീസ് നടത്തുവാൻ നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ